**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6747** **11-07-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരിയിലെ തൊഴിൽ വകുപ്പിന്റെ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരിയിൽ മോഡൽ കരിയർ സെന്ററോ (എം.സി.സി.) കരിയർ ഡെവലപ്മെന്റ് സെന്ററോ (സി.ഡി.സി.) മോഡൽ എംപ്ലോയ്മെന്റോ സ്ഥാപിക്കുന്നതിന് സ്ഥലം എം.എൽ.എ. നിവേദനം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചായി ഉയർത്തുന്നതിന് ബഹു. എം.എൽ.എ. 19/05/2022 ൽ നിവേദനം നൽകിയിട്ടുണ്ട്. |
| (ബി) | ഇവയിൽ ഏതെങ്കിലും പ്രസ്തുത മണ്ഡലത്തിന് അനുവദിച്ച് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | തലപ്പള്ളി/വടക്കാഞ്ചേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് മോഡൽ കരിയർ സെന്റർ സ്ഥാപിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവും വിശദാംശവും ലഭ്യമാക്കാമോ; | (സി) | തലപ്പള്ളി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് മോഡൽ കരിയർ സെന്റർ ആരംഭിക്കുന്നതിന് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിലെ DGE-Z-13011/1/2022/MCC/VIP;21/10/2022 കത്ത് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. 03.11.2023 ലെ സ.ഉ.(സാധാ)നം.1358/2023/LBR നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കുമോ; പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഇല്ല. തലപ്പള്ളി/വടക്കാഞ്ചേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് മോഡൽ കരിയർ സെന്റർ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും 21/10/2022 തീയതിയിൽ അനുമതി ലഭിച്ചിരുന്നുവെങ്കിലും സെന്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കേന്ദ്ര ഫണ്ട് അനുവദിച്ചിരുന്നില്ല. സെന്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സെന്ററിന്റെ നിർമ്മാണ പ്രവർത്തനത്തിന് ഫണ്ട് നിലവിൽ ഇല്ലാത്തതിനാലും, കോട്ടയം മോഡൽ കരിയർ സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലും, ഒരു മോഡൽ കരിയർ സെന്ററിന് അനുവദിച്ചിട്ടുള്ള തുക മറ്റ് മോഡൽ കരിയർ സെന്റർ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിനിയോഗിക്കാമെന്ന കേന്ദ്രാനുമതി നിലവിൽ ഉണ്ടായിരുന്നതിനാലും കോട്ടയം മോഡൽ കരിയർ സെന്റർ ആരംഭിക്കുന്നതിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ഫണ്ട് തലപ്പള്ളി, മോഡൽ കരിയർ സെന്ററിന്റെ നിർമ്മാണത്തിന് വിനിയോഗിക്കാൻ അനുമതി നൽകികൊണ്ട് 22/02/2024 തീയതിയിലെ സ. ഉ. (സാധാ) നം 236/2024/LBR നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ